# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2348 — 18.02.2016 -ൽ മറുപടിക്ക്

## കാഞ്ഞങ്ങാട് - സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കാഞ്ഞങ്ങാട് - സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (എ) കാഞ്ഞങ്ങാട് പുതിയകോട്ടയിൽ ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തുടങ്ങുന്നതിനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച സ്കെച്ച് പ്ലാൻ അംഗീകരിച്ച് നൽകുകയും 560 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) പുതിയ കെട്ടിടം പണിയുന്നതിനായി നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) പഴയ കെട്ടിടങ്ങൾ പൊളിയ്ക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനോട് കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തി എന്നത്തേക്ക് ആരംഭിക്കാനാകും ; വിശദാംശം വെളിപ്പെടുത്താമോ ? | (സി) നിർമ്മാണ പ്രവർത്തി ആരംഭിക്കേണ്ടത് പൊതുമരാമത്ത് വകുപ്പാണ്. |

സെക്ഷൻ ഓഫീസർ